Draft #1 of File 102830/AC B6-1/2021/AC B 6 Approved by ASSISTANT REGISTRAR IV (ACADEMIC) on 31-Jul-2021 01:54 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

ബിരുദ ഏകജാലക പ്രവേശനം - 2021-22 - അഫിലിയേറ്റഡ് ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ നടത്തപ്പെടുന്ന ബിരുദ/ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്കുള്ള കേന്ദ്രീകൃത പ്രവേശന സംവിധാനത്തിന്റെ മേൽനോട്ട സമിതിയുടെ 29.07.2021 തീയതിയിൽ കൂടിയ യോഗത്തിന്റെ ശുപാർശകൾ അംഗീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് ബി 6 സെക്ഷൻ**

നമ്പർ. 3701/AC B 6/2021/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 02.08.2021

---

*പരാമർശം:-*ബിരുദ/ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്കുള്ള കേന്ദ്രീകൃത പ്രവേശന സംവിധാനത്തിന്റെ മേൽനോട്ട സമിതിയുടെ 29.07.2021 തീയതിയിൽ കൂടിയ യോഗത്തിന്റെ നടപടിക്കുറിപ്പ്.

**<u>ഉത്തരവ്</u>**

ബിരുദ/ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്കുള്ള കേന്ദ്രീകൃത പ്രവേശന സംവിധാനത്തിന്റെ മേൽനോട്ട സമിതിയുടെ 29.07.2021 തീയതിയിൽ കൂടിയ യോഗത്തിൽ 2021-22 അദ്ധ്യയന വർഷത്തെ പ്രവേശനം സംബന്ധിച്ച് വിശദമായി ചർച്ച ചെയ്യുകയും, മേൽ പരാമർശ പ്രകാരം , താഴെപ്പറയുന്നവിധം ശുപാർശകൾ ചെയ്തിട്ടുണ്ട്.

1. 2021-22 വർഷത്തേക്കുള്ള ബിരുദ/ഇന്റഗ്രേറ്റഡ് പ്രോഗ്രാമുകളുടെ കേന്ദ്രീകൃത പ്രവേശനത്തിന്റെ പ്രവേശന ഷെഡ്യൂൾ അംഗീകരിക്കുന്നതിനു ശുപാർശ ചെയ്തു.
2. കോവിഡ് 19 വൈറസ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ബിരുദ/ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്കുള്ള അപേക്ഷ ഫീസ് വർധിപ്പിക്കേണ്ടതില്ലെന്നും 2020-21 അക്കാദമിക വർഷത്തെ അപേക്ഷ ഫീസ് തന്നെ 2021-22 അക്കാദമിക വർഷം വർദ്ധനവില്ലാതെ തുടരുന്നതിനും ശുപാർശ ചെയ്തു
3. കോവിഡ് 19 വൈറസ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ വിദ്യാർത്ഥികൾക്ക് കോളേജിൽ പ്രവേശന സമയത്ത് ഹാജരാകുന്നതിനുള്ള ബുദ്ധിമുട്ട് കണക്കിലെടുത്ത് വിവിധ സർട്ടിഫിക്കറ്റുകൾ അപ്‌ലോഡ് ചെയ്യുന്നതിനുള്ള സൗകര്യം നൽകുന്നതിനും ഇത് ഓൺലൈനായി കോളേജുകൾക്ക് ലഭ്യമാക്കുന്നതിനും ശുപാർശ ചെയ്തു. ഇതു വഴി കോളേജുകൾക്ക് തങ്ങളുടെ കോളേജുകളിൽ അലോട്ട്മെന്റ് ലഭിച്ചവരുടെ വിശദംശങ്ങൾ പരിശോധിച്ച് പ്രവേശനം ഓൺലൈനായി തന്നെ നൽകുന്നതിനുള്ള സംവിധാനം ഏർ പ്പെടുത്തുന്നതിനും ശുപാർശ ചെയ്തു.അലോട്ട്മെന്റ് ലഭിക്കുന്നവർ കോളേജുകളിൽ താത്കാലിക/ സ്ഥിര പ്രവേശനത്തിനു പോവുന്നത് ഒഴിവാക്കുന്നതിനായി ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുന്നതിനും ശുപാർശ ചെയ്തു. പ്രവേശനസംബന്ധമായ സർട്ടിഫിക്കറ്റ് വേരിഫിക്കേഷൻ കോവിഡ്19 നിയന്ത്രണവിധേയമാകുന്നമുറയ്ക്കു നടത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിനും ശുപാർശ ചെയ്തു

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

4. 2021-22 വർഷത്തെ ഏകജാലകപ്രവേശനത്തിന്റെ വിവിധ ആവശ്യങ്ങൾക്കുവേണ്ടി മുൻകൂർ തുക രണ്ടര ലക്ഷം രൂപ എസി ബി-6 സെക്ഷൻ ഓഫീസറുടെ പേരിലേക്ക് അനുവദിക്കുന്നതിനു ശുപാർശ ചെയ്തു
5. എസി ബി-6 സെക്ഷനിലേക്കു പുതിയതായി 2 അസ്സിസ്റ്റന്റുമാരെ നിയമിക്കുന്നതിനു ശുപാർശ ചെയ്തു.
6. പ്രവേശന ക്രമക്കേടുകൾക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നതിനു ശുപാർശ ചെയ്തു.
7. സർക്കാർ ഉത്തരവ് നം. ജി(എം.എസ്)നം.311/2020/ഉ.വി.വ. തീയതി 07/09/2020-ൽ നിർദേശിച്ചിരിക്കുന്നപ്രകാരം നാല് പ്രധാന അലോട്ട്മെന്റുകളും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്കായി രണ്ട് അലോട്ട്മെന്റുകളും എല്ലാ വിഭാഗകാർക്കുമായി രണ്ട് സപ്ലിമെന്ററി അലോട്ട്മെന്റുകളും നടത്തുന്നതിന് ശുപാർശ ചെയ്തു. രണ്ടാം സപ്ലിമെന്ററി അലോട്ട്മെന്റിനു ശേഷമുള്ള സാഹചര്യം വിലയിരുത്തി മറ്റ് അലോട്ട്മെന്റുകളെ സംബന്ധിച്ച തീരുമാനമെടുക്കുന്നതിനും ശുപാർശ ചെയ്തു.
8. സ്വാശ്രയ ആർട്സ് ആൻഡ് സയൻസ് കോളേജ് മാനേജ്മെന്റ് അസ്സോസിയേഷൻ ഭാരവാഹികളുടെ ഓൺലൈൻ യോഗം വിളിച്ചു ചേർക്കുന്നതിനു ശുപാർശ ചെയ്തു.

മേൽ ശുപാർശകൾ വൈസ് ചാൻസിലർ അംഗീകരിച്ച് ഉത്തരവായിരിക്കുന്നു.
തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

മുരളീധരൻ കെ വി

അസിസ്റ്റന്റ് രജിസ്ട്രാർ 4 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വൈസ് ചാൻസിലറുടെ/പ്രൊ-വൈസ് ചാൻസിലറുടെ പി എസ്
2. രജിസ്ട്രാർ ,ഫിനാൻസ് ഓഫിസർ ,പരീക്ഷാ കൺട്രോളർ എന്നിവരുടെ പി എ മാർ
3. എല്ലാ അഫിലിയേറ്റഡ് കോളേജുകളിലേയും പ്രിൻസിപ്പൽമാർ
4. ജോയിൻറ് രജിസ്ട്രാർ I/II (ഭരണം )
5. ഡെപ്യൂട്ടി രജിസ്ട്രാർ II (അക്കാദമിക് )
6. അസിസ്റ്റൻറ് രജിസ്ട്രാർ IV (അക്കാദമിക് )
7. എസി എ 1/7/8/9/12/ എസിസി1
8. ഐ ക്യൂ എ സി / കണ്ടെന്റ് മാനേജ്മെന്റ് സെൽ
9. സ്റ്റോക്ക് ഫയൽ/ ഫയൽ കോപ്പി/ റെക്കോർഡ്സ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #1 of File 102830/AC B6-1/2021/AC B 6 Approved by ASSISTANT REGISTRAR IV (ACADEMIC) on 31-Jul-2021 01:54 PM - Page 2
മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം